LIBRARY ARCHIVES Kerala Legislative Assembly

തിരുവനന്തപുരം നഗരസഭാ മേഖലയിലെ തെരുവ് വിളക്കുകൾ

51 (4042) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം നഗരസഭാമേഖലയിലെ നൂറു വാർഡുകളിലും നിലവിൽ തെരുവുവിളക്കുകൾ പ്രകാശിപ്പിക്കാത്തത് എന്തുകൊണ്ടാണ് ;

(ബി) പ്രസ്തുത വിളക്കുകൾ എന്നത്തേക്ക് പ്രകാശിപ്പിക്കും എന്ന വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) 17-5-2012-ലെ ബോർഡ് ഉത്തരവ് BO FM (Genl) No.1007/2012 (Plg.Com 3515/98/11-12) dated 17-5-2012 പ്രകാരം ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ് തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണികൾ നിർവ്വഹിക്കേണ്ടത്. എന്നാൽ തിരുവനന്തപുരം നഗരസഭയ്ക്ക് പ്രസ്തുത പ്രവൃത്തി നിർവ്വഹിക്കാൻ കഴിയാതെ വന്നതുകൊണ്ട് ആവശ്യമായ ലേബർ ചാർജ്ജുകൾ നഗരസഭ അടയ്ക്കുകയും ആവശ്യമായ സാധന സാമഗ്രികൾ വാങ്ങി നൽകുകയും ചെയ്യുന്ന മുറയ്ക്ക് ടി അറ്റകുറ്റപ്പണികൾ ബോർഡ് ചെയ്യുമെന്ന ധാരണയിലെത്തുകയുണ്ടായി. തിരുവനന്തപുരം നഗരസഭയുടെ പരിധയിൽ വരുന്ന തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണികൾ ചെയ്യുന്നതിലേക്കായി ഈ സാമ്പത്തിക വർഷം നാളിതുവരെ ലേബർ ചാർജ്ജ് ഇനത്തിൽ 79,21,596 രൂപ നഗരസഭ ബോർഡിൽ അടച്ചിട്ടുണ്ട്. അറ്റകുറ്റപ്പണികൾക്ക് ആവശ്യമായ സാധന സാമഗ്രികൾ നഗരസഭയാണ് വാങ്ങി നൽകേണ്ടത്. നഗരസഭ നൽകിയ സാധന സാമഗ്രികൾ ഉപയോഗിച്ച് ഉദ്ദേശം 65 ലക്ഷം രൂപയുടെ അറ്റകുറ്റപ്പണികൾ ബോർഡ് പൂർത്തീകരിച്ചിട്ടുണ്ട്. യഥാസമയം അറ്റകുറ്റപ്പണികൾക്കാവശ്യമായ സാധന സാമഗ്രികൾ നഗരസഭ ലഭ്യമാക്കുന്ന മുറയ്ക്ക് കൂടുതൽ തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണികൾ പൂർത്തീകരിക്കാവുന്നതാണ്.

പുക്കൊളത്തൂർ കേന്ദ്രമാക്കി പുതിയ സെക്ഷൻ ഓഫീസ്

52 (4043) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കെ.എസ്.ഇ.ബി.-യുടെ എത്ര പുതിയ സെക്ഷൻ ഓഫീസുകൾ ആരംഭിച്ചിട്ടുണ്ടെന്നും അത് എവിടെയെല്ലാമാണെന്നും അറിയിക്കുമോ ;